# സൗരാഷ്ട്ര തീർത്ഥാടനം 201...

**അഹമ്മദാബാദ് - സോമനാദ് - പോർബന്ധർ - ദ്വാരക - ബെറ്റ് ദ്വാരക**

| യാത്രയുടെ കോഡ് നമ്പർ | യാത്രയ്ക്ക് ആവശ്യമായ ദിവസം | യാത്ര പുറപ്പെടുന്ന തീയ്യതികൾ | യാത്രയുടെ രീതി: |
|---|---|---|---|
| 12 WI A | 10 ദിവസം | | ശീതികരിച്ച വാഹനങ്ങൾ |

| | | താമസം | ഭക്ഷണം |
|---|---|---|---|
| 1-ാംദിവസം: | കേരളത്തിൽ നിന്നും ട്രെയിൻ നമ്പർ 16338 ഓഖ എക്സ്പ്രസിൽ അഹമ്മദാബാദിലേക്ക് യാത്ര. | ട്രെയിനിൽ | NIL |
| 2-ാംദിവസം: | ട്രെയിനിൽ യാത്ര തുടരുന്നു. | ട്രെയിനിൽ | NIL |
| 3-ാംദിവസം: | കാലത്ത് 9.15 ന് അഹമ്മദാബാദിലെത്തി റെയിൽവേസ്റ്റേഷനിൽ നിന്ന് കൂട്ടി ഹോട്ടലിലെത്തി പ്രഭാത കൃത്യങ്ങൾക്ക് ശേഷം അഹമ്മദാബാദിലെ കാഴ്ചകൾ: അക്ഷർദാം, സ്വാമി നാരായണ ക്ഷേത്രം, കൻകാലിയ തടാകം, വൈഷ്ണവോ ദേവി ക്ഷേത്രം, ഗീതാ മന്ദിർ, സർദ്ദാൽ വല്ലഭായി പട്ടേൽ മെമ്മോറിയൽ മ്യൂസിയം, വിനോഭാജിയുടെ ആശ്രമം എന്നിവ ദർശിച്ച് രാത്രിയിൽ അഹമ്മദാബാദ് ഹോട്ടലിൽ താമസം. | അഹമ്മദാബാദ് | BLD |
| 4-ാംദിവസം: | കാലത്ത് 7 മണിക്ക് അഹമ്മദാബാദിൽ നിന്ന് പുറപ്പെട്ട് ഗീർ വനത്തിലെത്തി അവിടുത്തെ കാഴ്ചകൾ കണ്ടതിനു ശേഷം സോമനാദിലെത്തി രാത്രിയിൽ സോമനാദ് ഹോട്ടലിൽ താമസം. | സോമനാദ് | BLD |
| 5-ാംദിവസം: | കാലത്ത് 6 മണിക്ക് സോമനാദേശ്വര ജ്യോതിർലിംഗ ക്ഷേത്രം , റാണി അഹല്യാബായിയാൽ നിർമ്മിക്കപ്പെട്ട സോമനാദ ക്ഷേത്രം , ത്രിവേണി സംഗമം, പ്രഭാസ തീർത്ഥം ഗീതാ മന്ദിർ , ബൽക്ക തീർത്ഥം എന്നിവ ദർശിച്ച് രാത്രിയിൽ സോമനാദ് ഹോട്ടലിൽ താമസം. | സോമനാദ് | BLD |
| 6-ാംദിവസം: | കാലത്ത് 7 മണിക്ക് യാത്ര പുറപ്പെട്ട് പോർബന്ധറിലെത്തി പോർബന്ധറിലെ കാഴ്ചകളായ: കീർത്തി മന്ദിർ(മഹാത്മാഗാന്ധിജിയുടെ വീട്), | ദ്വാരക | BLD |

| | | | |
|---|---|---|---|
| | കസ്തൂർബാ ഗാന്ധിയുടെ വീട്, ഭക്ത കുചേലന്റെ വീട്(സുധാമാ പുരി) എന്നിവ ദർശിച്ച് രാത്രിയിൽ ദ്വാരകയിലെത്തി താമസം. | | |
| 7-ാംദിവസം: | കാലത്ത് 7 മണിക്ക് ദ്വാരകയിലെ പ്രധാന ക്ഷേത്ര ദർശനം നടത്തി ദ്വാരകയിലെ ഗായത്രീ ക്ഷേത്രം , ഗീതാ മന്ദിർ , പാണ്ഡവ ഗുഹ, എന്നിവ ദർശിച്ച് സൂര്യാസ്തമയ ദർശന ശേഷം രാത്രിയിൽ ദ്വാരകയിൽ ഹോട്ടലിൽ താമസം. | ദ്വാരക | BLD |
| 8-ാംദിവസം: | കാലത്ത് 8 മണിക്ക് ബെറ്റ് ദ്വാരകയിലേക്ക് യാത്ര. യാത്രാ മധ്യേ രുക്മിണി ക്ഷേത്രം , നാഗേശ്വര ജ്യോതിർലിംഗ ക്ഷേത്രം, ഗോപീ തലാബ് എന്നിവ ദർശിച്ച് രാത്രിയിൽ ദ്വാരകയിൽ താമസം. | ദ്വാരക | BLD |
| 9-ാംദിവസം: | കാലത്ത് 5 മണിക്ക് ദ്വാരകയിൽ നിന്ന് കേരളത്തിലേക്ക് മടക്കയാത്ര. ട്രെയിൻ നമ്പർ 16337 | ട്രെയിനിൽ | NIL |
| 10-ാം ദിവസം: | രാത്രി കേരളത്തിൽ തിരിച്ചെത്തുന്നു. യാത്ര അവസാനിച്ചു | NIL | NIL |

***B: പ്രഭാത ഭക്ഷണം., L: ഉച്ച ഭക്ഷണം. D: രാത്രി ഭക്ഷണം.**

**ഓപ്ഷൻ നമ്പർ 1: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 14500/-**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ശീതീകരിച്ച മുറിയിൽ ടോയ്‌ലറ്റ് സൗകര്യത്തോടു കൂടിയ താമസ സൗകര്യം 2 പേർക്ക് 1 മുറി എന്ന തോതിൽ. വെജിറ്റേറിയൻ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ,. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ഓപ്ഷൻ നമ്പർ 2: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 13000/-**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ,ശീതീകരിക്കാത്ത മുറിയിൽ ടോയ്‌ലറ്റ് സൗകര്യത്തോടു കൂടിയ താമസ സൗകര്യം. വെജിറ്റേറിയൻ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ഓപ്ഷൻ നമ്പർ 3: യാത്രാ നിരക്ക് ഒരാൾക്ക്: Rs. 10500/-**

**യാത്രാ നിരക്കിൽ ഉൾപ്പെടുന്നവ:** ശീതീകരിച്ച വാഹനങ്ങൾ, ,ശീതീകരിക്കാത്ത ഡോർമെറ്ററി ഹാൾ താമസ സൗകര്യം. വെജിറ്റേറിയൻ പ്രഭാത ഭക്ഷണം , ഉച്ച ഭക്ഷണം, രാത്രി ഭക്ഷണം, യാത്രാ സഹായി, എയർപോർട്ട്, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൂട്ടികൊണ്ടു വരൽ തിരിച്ചു കൊണ്ടു പോയി വിടുന്നത്. ഗവൺമെന്റ് നിശ്ചയിച്ച നികുതികൾ.

**യാത്രാ നിരക്കിൽ ഉൾപ്പെടാത്തവ:** റെയിൽ/ വിമാന ടിക്കറ്റ് നിരക്ക്, കാഴ്ചകൾ കാണുന്നതിനുള്ള പ്രവേശന ടിക്കറ്റ് നിരക്ക്, ബോട്ട് യാത്രക്കുള്ള ചിലവുകൾ,. മറ്റ് സ്വന്തമായി വരുന്ന ചിലവുകൾ.യാത്രാനിരക്കിൽ ഉൾപ്പെടുന്നതിൽ കാണിക്കാത്ത എല്ലാ ചിലവുകളും.

**ബുക്കിംഗ്:** യാത്രാ നിരക്കിന്റെ 25 % തുക മുൻകൂറായി അടച്ച് യാത്ര മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്. ബാക്കി തുക യാത്ര പുറപ്പെടുന്നതിന് 15 ദിവസം മുമ്പ് അടച്ച് രസീതി വാങ്ങേണ്ടതാണ്. റെയിൽവേ ടിക്കറ്റുകൾ യാത്ര പുറപ്പെടുന്നതിന് 120 ദിവസം മുമ്പ് ബുക്ക് ചെയ്താലേ ലഭ്യമാകുകയുള്ളു. 6 മാസം മുമ്പ് ബുക്ക് ചെയ്യുന്ന വിമാന ടിക്കറ്റുകൾ നിരക്ക് കുറവായി ലഭ്യമാകുന്നതായിരിക്കും.

**യാത്ര റദ്ദാക്കൽ:** യാത്ര തുടങ്ങുന്നതിന് 30 ദിവസം മുമ്പുള്ള റദ്ദാക്കലിന് അഡ്വാൻസ് തുകയുടെ 50 % കഴിച്ച് ബാക്കി തിരിച്ചു ലഭിക്കുന്നതായിരിക്കും. അതിനു ശേഷമുള്ള റദ്ദാക്കലിന് യാതൊരു വിധ റിഫണ്ടും ലഭിക്കുന്നതല്ല.

* യാത്രികർ അവരവരുടെ ഫോട്ടോ സഹിതമുള്ള തിരിച്ചറിയൽ കാർഡുകൾ യാത്രാസമയത്ത് കൈവശം വെക്കേണ്ടതാണ്.

* റോഡ് തടസം, മാർഗ്ഗങ്ങൾ തിരിച്ചുവിടൽ, ട്രെയിൻ- വിമാനം തുടങ്ങിയവയുടെ താമസിച്ചുള്ള വരവ് , സമരങ്ങൾ പ്രകൃതിക്ഷോഭങ്ങൾ തുടങ്ങിയ കാരണങ്ങളാൽ യാത്രക്ക് തടസങ്ങൾ നേരിടുകയാണെങ്കിൽ യാത്രക്കായി അടച്ച തുക തിരിച്ചു ലഭിക്കുകയില്ല.

* ഹിമാലയ യാത്രയിൽ തണുപ്പിന് ഇടുന്നതിനുള്ള രോമ നിർമ്മിതമായ സ്വെറ്റർ, സോക്സ് , രോമ നിർമ്മിത തൊപ്പി കയ്യുറകൾ കാലുറകൾ എന്നിവ കരുതേണ്ടതാണ്.

* കമ്പനി ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

**Our Account Details:**

PAYEE NAME: VIVEKANANDA TRAVELS PLTD
BANK NAME : ICICI BANK
A/C NO : 075505000205
BRANCH : GURUVAYOOR , WEST NADA
IFC CODE :ICIC 0000755
SWIFT CODE: ICICINBBXXX

## ചേർക്കേണ്ട സ്ഥലങ്ങൾ

-------------

## ,ദ്വാരക,ബെറ്റ് ദ്വാരക,

### അഹമ്മദാബാദ്

ഗുജറാത്ത് സംസ്ഥാനത്തിൽ സബർമതി നദിയെ നെഞ്ചേറ്റുന്ന് ഒരുപാട് കാഴ്ച്ചകൾ നിറഞ്ഞ ഒരു സാഗരമാണ് അഹമ്മദാബാദ്.

അറുന്നൂറ് സംവത്സരങ്ങളോളം ആഴത്തിൽ അഹമ്മദാബാദ് നഗര ചരിത്രം വേരൂന്നിയിട്ടുണ്ട്....... ചരിത്രാന്വേഷിയുടെ അറിഞ്ഞു തീരാത്ത മനസുമായി തിരഞ്ഞു ചെന്നാൽ അതിനുമപ്പുറത്തേക്ക് ഈ നഗര വേരുകൾ കണ്ടെത്താം. പതിനൊന്നാം നൂറ്റാണ്ടിൽ അഹമ്മദാബാദ് അറിയപ്പെട്ടിരുന്നത് ആഷാവൽ എന്നായിരുന്നു. ആശാവൽ ഭരിച്ചിരുന്ന ഭിൽ രാജാവിനുമേൽ സോളാങ്കി സാമ്രാജ്യാധിപതിയായ കർണ്ണദേവൻ വിജയം നേടുകയും ഈ നഗരത്തെ കീഴടക്കുകയും ചെയ്തു. കർണ്ണ ദേവൻ സബർമതി നദീ തീരത്തെ ഈ നഗരത്തിന് കർണ്ണാവതി എന്ന് പുനർനാമകരണം ചെയ്തു. സോളാംഗി സാമ്രാജ്യ ഭരണം പതിമൂന്നാം നൂറ്റാണ്ടുവരെ നീണ്ടു നിന്നു.

പിന്നീട് പതിനഞ്ചാം നൂറ്റാണ്ടിൽ സഫർ മുസാഫിർഷാ സ്വയം ഗുജറാത്തിന്റെ സുൽത്താനായി പ്രഖ്യാപിച്ച് തന്റെ സൈനീക ശക്തിയാൽ കർണ്ണവതീ നഗരത്തെ കയ്യടക്കി. 1411 എ.ഡിയിൽ മുസാഫിർഷാ യുടെ ചെറുമകൻ അഹമ്മദ് ഷാ ഭരണാധികാരിയാവുകയും അഹമ്മദാബാദ് സ്ഥാപിക്കുകയും ചെയ്തു.

ഗുജറാത്ത് സംസ്ഥാനത്തിലെ ഏറ്റവും വലിയ നഗരമായ അഹമ്മദാബാദ് ഇന്ന് വികസനത്തിന്റെ മുൻ നിരയിലേക്ക് കുതിച്ചു മുന്നേറിക്കൊണ്ടിരിക്കുന്ന ഒരു ഭാരതീയ നഗരമാണ്.

ഭാരതത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യാവസായിക നഗരമാണ് ഗുജറാത്തിലെ പരമോന്നത നീതി പീഠമായ ഗുജറാത്ത് ഹൈക്കോടതി സ്ഥിതി ചെയ്യുന്ന അഹമ്മദാബാദ്.

സബർമതി ആശ്രമവും കങ്കാരിയ തടാകവും വസ്ത്ര മ്യൂസിയവും പ്രൗഢമായ ജുമാ മസ്ജിദും അഹമ്മദാബാദിലെ കാഴ്ചകളിൽ ചിലത് മാത്രം.

## സോമാനാഥ് (ഗുജറാത്ത്)

ഭാരത ഭൂമിയെ ധന്യമാക്കുന്ന ജ്യോതിർലിംഗ ക്ഷേത്രങ്ങളിൽ പ്രഥമ സ്ഥാനം സൗരാഷ്ട്രമെന്ന ഗുജറാത്തിലെ സോമനാഥ് ജ്യോതിർലിംഗ ക്ഷേത്രത്തിനാണ്. ശ്രീ പരമേശ്വരൻ ലിംഗ രൂപത്തിൽ സ്വയം ഭൂവായി കുടി കൊള്ളുന്ന ക്ഷേത്രങ്ങളാണ് ജ്യോതിർലിംഗ ക്ഷേത്രങ്ങൾ. ജ്യോതിർലിംഗങ്ങളിൽ കൈലാസാധിപതിയായ ശ്രീ മഹാദേവൻ മുഴുവൻ ചൈതന്യത്തോടെയും കുടി കൊള്ളുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു.

ഗുജറാത്ത് സംസ്ഥാനത്തിലെ വെരാവൽ നഗരത്തിലാണ് സുപ്രസിദ്ധവും അതീവ പുണ്യവുമായ ശ്രീ സോമനാഥ് ജ്യോതിർലിംഗ ക്ഷേത്രം. മനോഹരമായ കത്തിയവാർ കടൽതീരത്താണ് മഹാമേരു പ്രസാദ് എന്ന് പുരാതന കാലത്ത് വിളിച്ചിരുന്ന ശ്രീ സോമനാധ് ജ്യോതിർലിംഗ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്....

ഒരു പക്ഷേ ഭാരതത്തിൽ ഏറ്റവും കൂടുതൽ ആക്രമണങ്ങൾക്ക് വിധേയമായിട്ടുള്ള ജ്യോതിർലിംഗ ക്ഷേത്രമാണ് സോമനാഥം. എന്നാൽ ഓരോ തവണയും മുമ്പത്തതിനേക്കാൾ ഭംഗിയോടും പ്രൗഢിയോടും കൂടി പുനർ നിർമ്മിക്കപ്പെട്ട ക്ഷേത്രവും ഇതു തന്നെയാവണം. ദേവാജി ജേവനായ ശ്രീ പരമേശ്വരനിലുള്ള അചഞ്ചലമായ ഭക്തി ഒരു പടയോട്ടത്തിനും തകർക്കാനാവില്ല എന്ന ഭാരതത്തിന്റെ പ്രഖ്യാപനം പോലെ സോമനാഥ ജ്യോതിർലിംഗ ക്ഷേത്രം ശിവജഢ പോലെ തലയുയർത്തി നിൽക്കുന്നു.

മൈത്രക സാമ്രാജ്യത്തിന്റെ കാലത്ത് അറബികളാണ് ആദ്യം ക്ഷേത്രം ആക്രമിച്ചത്. അതിനു ശേഷം നാഗഭട്ട രണ്ടാമൻ ക്ഷേത്രം പുതുക്കി പണിതു. പിന്നീട് മുഹമ്മദ് ഗസ്നിയും അലാവുദ്ദീൻ ഗിൽജിയും ഔറംഗസീബുമെല്ലാം ക്ഷേത്രമാക്രമിക്കുകയും സമ്പത്ത് കൊള്ളയടിക്കുകയും ചെയ്തു. രാജ വാഴ്ച്ചക്കാലത്ത് ഈ ക്ഷേത്രം അവസാനമായി പുതുക്കി പണിതത് ഇൻഡോറിലെ ഭരണാധികാരിയായിരുന്ന അഹല്യാ ഭായി ഹോൾക്കറായിരുന്നു. എന്നാൽ ക്ഷേത്രം ഇന്ന് ഇപ്പോൾ നമ്മൾ കാണുന്ന രീതിയിൽ പണി കഴിപ്പിക്കാൻ മുന്നിട്ടിറങ്ങി ധീര നേതൃത്വം കൊടുത്തത് സർദ്ദാർ വല്ലഭായി പട്ടേലായിരുന്നു. അതിന്റെ സ്മരണ നില നിർത്താൻ ഭാരതത്തിന്റെ ഉരുക്കു മനുഷ്യൻ എന്നറിയപ്പെടുന്ന സർദ്ദാർ വല്ലഭായി പട്ടേലിന്റെ ഒരു പൂർണകായ പ്രതിമ ക്ഷേത്ര പരിസരത്തുണ്ട്.

ആരേയും ആകർഷിക്കുന്ന മനോഹരമായ ശ്രീ കോവിലും കമനീയമായ നാട്യ മണ്ഡപവും കിഴക്കോട്ട് ദർശനം നൽകുന്ന വലിപ്പമേറിയ ജ്യോതിർലിംഗവും എല്ലാം നമ്മിൽ ഭക്തിയുടെ നറു നിലാവ് നിറയ്ക്കുന്നു.

നിലാവുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യമാണ് സോമനാഥ ക്ഷേത്ര സംബന്ധിയായുള്ളത്.

അതിപ്രകാരം.............

അശ്വതി ഭരണി തുടങ്ങിയ ഇരുപത്തിയേഴു നക്ഷത്രങ്ങളും ദക്ഷപ്രജാപതിയുടെ പുത്രിമാരായിരുന്നു. ഇവരെയെല്ലാം ദക്ഷൻ ചന്ദ്ര ഭഗവാന് വിധി പ്രകാരം വിവാഹം ചെയ്തു കൊടുത്തു. തന്റെ എല്ലാ പുത്രിമാരോടും തുല്യമായി പെരുമാറണം എന്നൊരുപദേശം ദക്ഷൻ ചന്ദ്രന് നൽകിയിരുന്നു. എന്നാൽ തന്റെ ഭാര്യമാരിൽ അതി സുന്ദരിയായ രോഹിണി നക്ഷത്രത്തോടായിരുന്നു ചന്ദ്രന് ഏറെ പ്രിയം. ഇത് പിതാവിനടുത്ത് പരാതി പറയാൻ മറ്റ് പുത്രിമാരെ നിർബന്ധിതരാക്കി. ദക്ഷന്റെ ഉപദേശങ്ങൾ സമ്മതിച്ചിട്ടും ചന്ദ്രൻ പഴയപടി തുടരുന്നത് കണ്ട് ദക്ഷൻ "നിനക്ക് വൃദ്ധിക്ഷയം സംഭവിക്കട്ടെ" എന്നു ശപിച്ചു. ഓരോ ദിവസം കഴിയുന്തോറും ചന്ദ്രൻ ദക്ഷശാപത്താൽ ക്ഷയിച്ചു ക്ഷയിച്ചു വന്നു. ഒടുവിൽ ഗത്യന്തരമില്ലാതെ ചന്ദ്രൻ ശ്രീ പരമേശ്വരനെ അഭയം പ്രാപിച്ചു. ശിവ പ്രീതിക്കായി ബ്രഹ്മദേവന്റെ ഉപദേശ പ്രകാരം ചന്ദ്രൻ ഇന്നീ ക്ഷേത്രം നിൽക്കുന്നിടത്ത് വന്ന് ശിവഭജനമാരംഭിച്ചു. കഠിനമായ ജപത്തിനൊടുവിൽ ശിവൻ പ്രത്യക്ഷപ്പെട്ട് ചന്ദ്രന് തന്റെ തിരു ജഡയിൽ അഭയം കൊടുക്കുകയും പതിനഞ്ച് നാൾ ക്ഷയം സംഭവിക്കുമെങ്കിലും തുടർന്നുള്ള പതിനഞ്ചു നാൾ വൃദ്ധി ഉണ്ടാവുമെന്ന ശാപ മോക്ഷവും കൊടുത്തു. ചന്ദ്രന് പ്രഭ തിരിച്ചു കിട്ടിയത് കൊണ്ട് ഈ പട്ടണം പ്രഭാസ് പട്ടണമെന്നും അറിയപ്പെടുന്നു.

സോമനെ (ചന്ദ്രനെ) രക്ഷിച്ച അങ്ങ് പൂർണ്ണ ചൈതന്യത്തോടെ സോമനാഥ് എന്ന പേരിൽ ഇവിടെ വസിക്കണം എന്ന ദേവന്മാരുടെയും മുനീശ്വരന്മാരുടേയും അഭ്യർത്ഥന ഭഗവാൻ സ്വീകരിച്ചു. അന്നു മുതൽ ഭഗവാൻ സോമനാഥൻ എന്നറിയപ്പെടാൻ തുടങ്ങി....

സോമനാഥ ദർശനം കഴിഞ്ഞ് ജ്യോതിർലിംഗ ധ്യാന ശ്ലോകം ചൊല്ലി പ്രാർത്ഥിക്കുന്ന ഭക്തർക്ക് മറ്റ പതിനൊന്ന് ജ്യോതിർലിംഗ ക്ഷേത്രങ്ങളിലും ദർശനം നടത്തി ഏഴു ജന്മത്തിലെ പാപങ്ങളിൽ നിന്നും മുക്തരാകാൻ ആകും എന്നാണ് വിശ്വാസം,

ധ്യാന ശ്ലാകം ഇതാണ്

സൗരാഷ്ട്രേ സോമനാഥം ച

ശ്രീ ശൈലേ മല്ലികാർജ്ജുനം

ഉജ്ജയിന്യാം മഹാകാളം

ഓംകാര മമലേശ്വരം

പരല്യാം വൈദ്യനാഥം ച

ഡാകിന്യം ഭീമ ശങ്കരം

സേതു ബന്ധേതു രാമേശം

നാഗേശം ദാരുകാവനേ

വാരണസ്യാം തു വിശ്വേശം

ത്രിംബകം ഗോതമീ തടേ

ഘൃഷ്ണേശം ച ശിവാലയേ

ഏതാനീ ജ്യോതിർലിംഗാനി

സായം പ്രാത: പഠേന്നര:

സപ്തജന്മകൃതം പാപം

## പോർബന്ധർ

ഗുജറാത്തിലെ തുറമുഖ നഗരമാണ് പോർബന്ധർ , പ്രാചീന കാലത്ത് തന്നെ ഗുജറാത്തിലെ പോർബന്ധർ തുറമുഖം വഴി ഗ്രീസ് അറേബ്യ തുടങ്ങിയ വിദേശ രാജ്യങ്ങളുമായി ഭാരതീയർ വ്യാപര വ്യാവസായങ്ങളിൽ ഏർപ്പെട്ടിരുന്നതായി ഏർപ്പെട്ടിരുന്നതായി ചരിത്രം പറയുന്നു. പോർബന്ധറിലെ ഈ തുറമുഖത്തു നിന്നാണ് മഹാത്മാഗാന്ധി തെക്കേ ആഫ്രിക്കയിലേക്ക് യാത്രയായത്. ഭാരത് മന്ദിർ എന്ന ആരാധാനലയം അടക്കം ഒരുപാട് കാഴ്ചകളുണ്ട് പോർബന്ധറിൽ...

പോർബന്ധറിന് സുധാമാപുരി എന്നൊരു പേരു കൂടിയുണ്ട്. പ്രാചീന കാലത്ത് പോർബന്ധർ അറിയപ്പെട്ടിരുന്നത് സുധാമാപുരി എന്നായിരുന്നു. സുധാമാവിനെ നാം കൂടുതൽ അറിയുക മറ്റൊരു പേരിലാണ്... കുചേലൻ!

കുചേലന്റെ മറ്റൊരു പേര് സുധാമാവ് എന്നായിരുന്നു. ദരിദ്ര ബ്രാഹ്മണ ബാലനായിരുന്ന സുധാമാവ് ശ്രീ കൃഷ്ണന്റേയും ബലരാമന്റേയും സഹപാഠിയായിരുന്നു. സാന്ദീപനി മഹർഷിയുടെ ഗുരുകുലത്തിൽ അവരൊന്നിച്ചാണ് വിദ്യ അഭ്യസിച്ചത്.

മനോഹരമായ കടൽത്തീരവും പഴമ മണക്കുന്ന കഥകളുമെല്ലാം പോർബന്ധർ എന്ന സുധാമാപുരിയെ സമ്പുഷ്ടമാക്കുന്നു.

## (കീർത്തി മന്ദിർ)

ഗുജറാത്ത് സംസ്ഥാനത്തിലെ പോർബന്ധറിലേക്കുള്ള യാത്ര ഓരോ ഇന്ത്യക്കാരനും ഒരു തീർത്ഥയാത്രയാണ്. കാരണം ഭാരത ഹൃദയം തൊട്ടറിഞ്ഞ ഒരു മഹായോഗി ജന്മം കൊണ്ട സ്ഥലമാണത്.

പോർബന്ധറിൽ 220 വർഷം പഴക്കമുള്ള കീർത്തി മന്ദിർ എന്നു പേരായ ഒരു ഭവനമുണ്ട് അവിടെയാണ് മഹാത്മാ ഗാന്ധി എന്ന മോഹൻ ദാസ് കരം ചന്ദ് ഗാന്ധി പിറന്നു വീണത്.

ഗാന്ധിജിയുടെ മുത്തച്ഛനാണ് കീർത്തി മന്ദിർ എന്ന വീട് പണിതത്. ലോകം മുഴുവൻ കീർത്തി പരത്തേണ്ട് ഒരു കൊച്ചു മകൻ ഇവിടെ ജനിക്കുമെന്നറിഞ്ഞിട്ടുണ്ടാവുമോ അന്ന് ഇരു നില വീടായിരുന്ന ആ ഭവനത്തിന് കീർത്തി മന്ദിർ എന്നു പേരിടുമ്പോൾ?

ഇപ്പോൾ മ്യൂസിയമാക്കി നില നിർത്തുന്ന കീർത്തി മന്ദിർ എന്ന ഗാന്ധി ഭവനത്തിലെത്തുമ്പോൾ നാം ഗാന്ധിയെ അറിയും.

ഇവിടെ ഒരു കൊച്ചു മുറിയുണ്ട് അതാണ് മഹാത്മാവിന്റെ പഠന മുറി Study Room Of Gandhiji എന്ന് സന്ദർശകർക്കായി രേഖപ്പെടുത്തിയിട്ടുള്ള ഇടുങ്ങിയ മുറിയിലിരുന്നാണ് ഗാന്ധിജി എഴുതുകയും പഠിക്കുകയും ചെയ്തത്. പഠന മുറിയുടെ വലിപ്പമല്ല ഒരാളുടെ ചിന്തയ്ക്ക് വലിപ്പമേകുന്നത് എന്ന് നമ്മളോട് മഹാത്മജി പറയാതെ പറയുന്നത് പോലെ തോന്നും ഈ കുടുസ് മുറി കണ്ടാൽ. മഹാത്മജിയോട് ബന്ധപ്പെടുന്ന പ്രസിദ്ധീകരണങ്ങളും ഹരിജൻ, യംഗ് ഇന്ത്യ മുതലായ അദ്ദേഹത്തിന്റെ പത്രങ്ങളും ചിത്രങ്ങളുമെല്ലാം നമ്മിൽ ഗാന്ധി സ്മൃതി നിറയ്ക്കുന്നു. അവിടെ നിന്നും മടങ്ങുമ്പോൾ ഓരോ യാത്രികന്റെ മനസിലുമുണ്ടാവും ഗാന്ധി മഹാത്മാവിന്റെ ശിശു സഹജമായ നിലാച്ചിരി.

ഗാന്ധി ജന്മസ്ഥാനിനു സമീപം തന്നെയാണ് ഗാന്ധിജിയുടെ ജീവിത സഖിയായ കസ്തൂർബയുടെ ഭവനം. അർദ്ദ നഗ്നനായ ഫക്കീറിന്റെ ജീവിത വെളിച്ചമായിരുന്ന കസ്തൂർബയുടെ ഭവനവും കണ്ട് അടുത്ത കാഴ്ച്ചയിലേക്ക്...........

**Kilo Meeter And Timing Chart**

| From | Destination | KM | Running Time |
|---|---|---|---|
| Cochin | Ahammedabad by train | 1509 | 33 hrs |
| Ahammedabad | Local sight seeing | 150 | |
| Ahammedabad | Gir forest | 383 | 7 hrs |
| Gir forest | Somanath | 70 | 2 hrs |
| Somanath | Local sight seeing | 100 | |
| Somanath | Porbandar | 131 | 3 hrs |
| Porbandar | Local sight seeing | 50 | |
| Porbandar | Dwaraka | 104 | 2 hrs |
| Dwaraka | Local sight seeing | 50 | |
| Dwaraka | Bet dwaraka | 35 | 1.15 mnt |
| Bet dwaraka | Dwaraka | 35 | 1.15 mnt |
| Dwaraka | Cochin by train | 2467 | 42 hrs |
| | | | |
| Total:- | | **5084** | |